# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 899 — 11.03.2015 -ൽ മറുപടിയ്ക്ക്

## കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.എ.മാധവൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |

| | |
|---|---|
| എ) കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;<br><br>ബി) ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വിശദമാക്കുമോ;<br><br>സി) വരൾച്ച പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | എ) ബി) സി) ഉണ്ട്. ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജലവകുപ്പ് 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മഴവെള്ളം സംഭരിച്ച് തുറന്നകിണറുകൾ റീചാർജ്ജ്ചെയ്യുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൃത്രിമമായി ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴകുഴികൾ മുതലായവയും തുറന്ന കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ തുറന്നകിണർ പരിപോഷിപ്പിക്കുന്ന പദ്ധതിയും വരൾച്ച സമയത്തെ ജല ദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്നു. പ്രധാനമായും ഭൂജല വകുപ്പാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ